വാരാന്ത്യപതിപ്പ് ലക്കം-62 | JULY 24 - JULY 30

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

പരിശീലന പരിപാടി - പ്ലാനിംഗ് ഓഫീസ്
പേജ് 1

കാർഗിൽ വിജയ ദിവസ്
പേജ് 2

ലോക ഹെപ്പറ്റൈറ്റിസ് ദിനം
പേജ് 2

ലോക പ്രകൃതി സംരക്ഷണ ദിനം
പേജ് 3

അന്താരാഷ്ട്ര കടുവ ദിനം
പേജ് 3

ബിരുദ ധാന ചടങ്ങ്
പേജ് 4

ലോക സൗഹൃദ ദിനം
പേജ് 4

അഗ്വഞ്ചർ
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചോദ്യം ഉത്തരം
പേജ് 5

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## പരിശീലന പരിപാടി - പ്ലാനിംഗ് ഓഫീസ്




ജൂലൈ ഇരുപത്തിയഞ്ച് തിങ്കളാഴ്ച ലോക മുങ്ങൽ പ്രതിരോധ ദിനത്തിന്റെ ഭാഗമായി തൃശൂർ പ്ലാനിംഗ് ഓഫീസിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ എൻ എസ് എസ് വളന്റിയർസ് പങ്കെടുത്തു. രാവിലെ ഒൻപത് മുതൽ വൈകീട്ട് അഞ്ച് വരെയായിരുന്നു പരിപാടി. പ്രഥമശുശ്രൂഷ, ഫയർ ആൻഡ് റെസ്ക്യൂ ടെക്നിക്കുകൾ, വാട്ടർ സേഫ്റ്റി ടെക്നിക്കുകൾ എന്നിവയിലെ അടിസ്ഥാന കഴിവുകൾ ഡോ. മിഥുൻ റോഷ് (ജനറൽ ഹോസ്പിറ്റൽ തൃശൂർ), ശ്രീ. അരുൺ ഭാസ്കർ (ജില്ലാ ഫയർ ഓഫീസർ തൃശൂർ) എന്നിവർ വിശദീകരിച്ചു. പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തു.

## കാർഗിൽ വിജയ ദിവസ്

ജൂലൈ ഇരുപത്തിയാറ് കാർഗിൽ വിജയ ദിനമായി ആചരിച്ചു. കാർഗിലിൽ അതിർത്തി കടന്നെത്തിയ നുഴഞ്ഞുകയറ്റക്കാരെ തുരത്തിയ ഐതിഹാസിക പോരാട്ടത്തിന്റെയും അതിൽ വീര്യമൃത്യു വരിച്ച ധീര ജവാൻമാരുടെയും ഓർമ്മക്കായാണ് വിജയ് ദിവസ് ആചരിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് എൻ എസ് എസ് വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.



# ലോക ഹെപ്പറ്റൈറ്റിസ് ദിനം

ജൂലൈ ഇരുപത്തിയെട്ട് ലോക ഹെപ്പറ്റൈറ്റിസ് ദിനം ആചരിച്ചു. പൊതുജനാരോഗ്യത്തിന് ഭീഷണിയായ വൈറൽ ഹെപ്പറ്റൈറ്റിസ് **2030** ഓടുകൂടി നിർമാർജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ലോക ഹെപ്പറ്റൈറ്റിസ് ദിനം ആചരിക്കുന്നത്. രോഗത്തെക്കുറിച്ചും പകരുന്ന രീതി, പ്രതിരോധ മാർഗങ്ങൾ എന്നിവയെപ്പറ്റി അവബോധം സൃഷ്ടിക്കുകയും ലക്ഷ്യമിട്ടാണ് ദിനാചരണം. 'ഹെപ്പറ്റൈറ്റിസ് പരിചരണം നിങ്ങളിലേക്ക് അടുപ്പിക്കുക' എന്നതാണ് ഇത്തവണത്തെ ദിനാചരണ സന്ദേശം. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിച്ചു.




# ലോക പ്രകൃതി സംരക്ഷണ ദിനം

ജൂലൈ ഇരുപത്തിയെട്ട് ലോക പ്രകൃതി സംരക്ഷണ ദിനം ആചരിച്ചു. സുസ്ഥിരവും അഭിവൃദ്ധിയുള്ളതുമായ മനുഷ്യരാശിക്ക് ആവശ്യമായ ആരോഗ്യകരമായ പരിസ്ഥിതിക്ക്, പ്രകൃതിയുടെയും ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# അന്താരാഷ്ട്ര കടുവ ദിനം

ജൂലൈ ഇരുപത്തിഒമ്പതാം തിയ്യതി അന്താരാഷ്ട്ര കടുവ ദിനം അചരിച്ചു.ഇന്ത്യയുടെ ദേശീയ മൃഗമാണ് കടുവ.ഇവ ഏറ്റവും കുടുതൽ സംരക്ഷിക്കപ്പെടുന്നതും ഇന്ത്യയിൽ തന്നെയാണ്. ലോകത്ത് ആകെയുള്ള കടുവകളിൽ **70** ശതമാനവും കണ്ടെത്തിയത് ഇന്ത്യയിലാണ്. കടുവ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ലോക കടുവ ദിനം ഒരു പ്രധാന പങ്ക് വഹിക്കുന്നു.കേരളത്തിലെ ടൈഗർ റിസർവുകളിലും വന്യജീവി സങ്കേതങ്ങളിലും കടുവകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വയനാട് വന്യജീവി സങ്കേതമാണ് ഇക്കാര്യത്തിൽ മുന്നിലുള്ളത്. വയനാട് വന്യജീവി സങ്കേതത്തിലും നോർത്ത്, സൗത്ത് വനം ഡിവിഷനുകളിലുമായി **75** കടുവകൾ ഇവിടെയുണ്ടെന്ന് കണക്കാക്കുന്നു. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# ബിരുദ ധാന ചടങ്ങ്

തൃശ്ശൂർ സെന്റ് തോമസ് കോളേജിലെ മുപ്പതോളം എൻ എസ് എസ് വളന്റിയേഴ്സ് ജൂലൈ ഇരുപത്തൊമ്പതാം തിയ്യതി നടന്ന **2019-22** വർഷ വിദ്യാർത്ഥികളുടെ ബിരുദ ദാന ചടങ്ങിൽ ഭക്ഷണം വിളമ്പാൻ സഹായിച്ചു.





# ലോക സൗഹൃദ ദിനം

എൻ എസ് എസ് മുപ്പത് ശനിയാഴ്ച ലോക സൗഹൃദ ദിനം ആചരിച്ചു. പഴയ സൗഹൃദങ്ങൾ ഓർത്തെടുക്കാനും പുതുക്കാനും നിലനിർത്താനുമാണ് ഈ ദിനം ആചരിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ഈ കഴിഞ്ഞ ശനിയാഴ്ച രാവിലെ ഒമ്പതുമണി മുതൽ വൈകീട്ട് നാല് വരെ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.












## അക്ഷരാഗ്നി

നിത്യ ബിനോ

## ചോദ്യം ഉത്തരം

**NSS** ചിഹ്നം എന്തിന്റെ ലളിതവത്കൃത രൂപം**?**

**--** ഒറീസയിലെ കൊണാർക്ക് സൂര്യ ക്ഷേത്രത്തിലെ രഥത്തിന്റെ ചക്രത്തിന്റെ രൂപത്തിലുള്ളതാണ്**.**





# ചിന്താവിഷയം

മുപ്പത്തി മുക്കോടി ദേവന്മാരിൽ വിശ്വസിച്ചാലും നിങ്ങൾക്ക്  നിങ്ങളിൽത്തന്നെ വിശ്വാസം ഇല്ലെങ്കിൽ ഒരു പ്രയോജനവുമില്ല. നിങ്ങളിൽ വിശ്വസിക്കുക, സത്യത്തിനുവേണ്ടി നിലകൊള്ളുക, കരുത്തരായിരിക്കുക, ഇതാണ് വേണ്ടത്.

*സ്വാമി വിവേകാനന്ദൻ*

@nss_stc_42_144